# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3069. 19-06-2018 ൽ മറുപടിയ്ക്ക്

## നെല്ലിന്റെ ഉല്പാദനത്തിലുള്ള വർദ്ധനവ്

**ചോദ്യം**

ശ്രീ.പി.കെ. ശശി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് നെൽകൃഷിയുടെ ആകെ വിസ്തീർണ്ണം എത്ര ഹെക്ടറായിരുന്നു; ആയത് നിലവിൽ എത്ര; | (എ) | 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു. |
| (ബി) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ നെല്ലിന്റെ ഉല്പാദനം എത്ര ടൺ ആയിരുന്നു; ആയത് നിലവിൽ എത്ര; | (ബി) | 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 549275 ടൺ അരി ഉല്പാദിപ്പിച്ചിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 617260 ടൺ അരി ആയി വർദ്ധിച്ചു. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് നികത്തിയ നെൽവയലുകൾ തിരിച്ച് പിടിച്ച് അവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ആയത് വഴി, നികത്തിയ എത്ര ഹെക്ടർ നെൽവയലുകളിൽ നെൽകൃഷി നടത്തുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ; | (സി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുത്തിയ പുതിയ ഭേദഗതി പ്രകാരം നെൽവയലുകൾ പരിവർത്തനപ്പെടുത്തുന്നത് ജാമ്യമില്ലാത്ത കുറ്റമായി പരിഗണിക്കുകയും തരിശിടുന്ന നെൽവയലുകൾ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യാൻ അനുവദിക്കുന്നതിനോ ഉടമസ്ഥരെ നിർബന്ധിതരാക്കുന്നതിനും അല്ലാത്ത പക്ഷം കൃഷി ചെയ്യുന്നതിനുള്ള അവകാശം അനുവദിച്ച് നൽകുന്നതിന് റവന്യൂ അധികാരികൾക്ക് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഈ നിയമഭേദഗതിയുടെ ഫലമായി |

| | | | |
|---|---|---|---|
| | | | തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ മാറി കൂടുതൽ മേഖലയിലേയ്ക്ക് തരിശുനില കൃഷി വ്യാപിപ്പിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഇതിനകം തന്നെ സർക്കാരിന്റെ ഇടപെടൽ മൂലം തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനും തുതല പഞ്ചായത്തുകൾ, വിവിധ കർഷക സംഘങ്ങൾ, പാടശേഖര സമിതികൾ, കുടുംബശ്രീകൾ, യുവാക്കളുടെ കൂട്ടായ്മകൾ എന്നിവയുടെ മുൻകൈയാൽ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഈ മേഖലയിൽ പൊതുവായ ഉണർവ്വ് ഉണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ലക്ഷ്യമിട്ടതിലും അധികം തരിശുനില കൃഷിയും, കരനെൽകൃഷിയും ചെയ്യാൻ സാധിച്ചതും മറ്റും ഈ ഉണർവ്വിന്റെയും കൂട്ടായ്മയുടെയും തെളിവാണ്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര ഹെക്ടർ തരിശുനിലം, കരനിലം, ഒരുപ്പൂനിലം, ഇരുനിലം എന്നിവകളിൽ അധിക നെൽകൃഷി നടന്നു; ഇതുവഴി എത്ര അളവ് ഉല്പാദനം അധികമായി ഉണ്ടാക്കുവാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ 2016-17, 2017-18 വർഷങ്ങളിലായി 23629 ഹെക്ടർ കൃഷി പുനരാരംഭിച്ചു.<br>ഈ അധിക വിസ്തൃതിയിലൂടെ രണ്ടു വർഷങ്ങളിലായി 66,000 ടൺ അരി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചു. |

Mayal

**സെക്ഷൻ ഓഫീസർ**